WEDNESDAY 28.02.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/02/2024

1. നവ കേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്നു. മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം മാർച്ച് 2ന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും. സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക- കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത പരിപാടിയിൽ മത്സ്യബന്ധന- സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷി-കൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നു.

2. ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ 'തോട്ട മേഖലയിലെ കാലാവസ്ഥാ വ്യതിയാനം' എന്ന വിഷയത്തിൽ ഏകദിന ശില്പശാല ഇന്ന് (ഫെബ്രുവരി 28) നടക്കുന്നു. സി.പി.സി.ആർ.ഐ. ഡയറക്ടർ ഡോ. കെ. ബി., ഹെബ്ബാർ ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ കേന്ദ്ര സുഗന്ധവിള ഗവേഷണ സ്ഥാപനത്തിലെ ക്രോപ്പ് ഇംപ്രൂവ്മെൻറ് വിഭാഗം മുൻ മേധാവി ഡോ. ബി. ശശികുമാർ മുഖ്യാതിഥി ആയിരിക്കും. 'ശാസ്ത്രം സമൂഹ നന്മക്ക് - ചില അടയാളങ്ങൾ' എന്ന വിഷയത്തിൽ അദ്ദേഹം ക്ലാസ് നയിക്കുന്നതാണ്. തോട്ട മേഖലയിൽ കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പാമ്പാടുംപാറ ഏലം

ഗവേഷണകേന്ദ്രം മേധാവി ഡോ. എം. മുരുഗൻ മുഖ്യപ്രഭാഷണം നടത്തും. സി.പി.സി.ആർ.ഐ. കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. റെജി ജേക്കബ് തോമസ് ഇന്ത്യയിലെ തോട്ടവിളകളുടെ സംക്ഷിപ്ത ചരിത്രത്തെക്കുറിച്ച് വിവരിക്കും. ഇത് കൂടാതെ ശില്പശാലയിൽ പങ്കെടുക്കുന്നവർക്കായി പ്രസംഗമത്സരവും ക്വിസും സംഘടിപ്പിക്കുന്നു.

3. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പൂക്കോട് വെറ്ററിനറി കോളേജ് മൃഗപ്രത്യുല്പാദന-പ്രസവചികിത്സാവിഭാഗം 2024 മാർച്ച് മുതൽ ജൂലൈ വരെ മൂന്ന് ബാച്ചുകളിലായി **ആടുകളിലെ കൃത്രിമബീജാധാനം** (Artificial Insemination in Goats) എന്ന വിഷയത്തിൽ രണ്ടുദിവസത്തെ ശാസ്ത്രീയ-പ്രായോഗിക പരിശീലനം നടത്തുന്നു. യൂണിവേഴ്സിറ്റിയുടെ വയനാടുള്ള പൂക്കോട് സെന്ററിൽ വെച്ചായിരിക്കും പരിശീലനം. ഓരോ ബാച്ചിലും 10 പേർക്കാണ് പ്രവേശനം. പശുക്കളിലെ കൃത്രിമബീജാധാനത്തിൽ പരിശീലനം ലഭിച്ചവർക്കാണ് ഈ പ്രായോഗിക പരിശീലനം നൽകുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 7909292304 എന്ന ഫോൺ നമ്പറിലോ അല്ലെങ്കിൽ lekshmibhai@kvasu.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. കുടുംബശ്രീ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് (കേരള ചിക്കൻ) പാലക്കാട് ജില്ലയിൽ ബ്രോയിലർ കോഴി ഫാമുകൾ ആരംഭിക്കുന്നതിന് ജില്ലയിലെ കുടുംബശ്രീ/ ഓക്സിലറി ഗ്രൂപ്പുകൾക്ക് അപേക്ഷിക്കാം. 1000-5000 കോഴികളെ പരിപാലിക്കുന്ന ഫാമുകളാണ് ആരംഭിക്കേണ്ടത്. നിലവിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഫാമുകൾക്കു മുൻഗണന ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ഫെബ്രുവരി 29 ന് വൈകിട്ട് 5 -നകം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഓഫീസിൽ നൽകണമെന്ന് ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷ ഫോറത്തിനും വിശദവിവരങ്ങൾക്കും കുടുംബശ്രീ സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടണമെന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 2024 മാർച്ച് 16 നു രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ കേരളത്തിലെ പ്രധാന സുഗന്ധ വ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയുടെ കൃഷി രീതികളും കീട- രോഗ നിയന്ത്രണവും എന്നീ വിഷയങ്ങളിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരാണ് ക്ലാസ്സുകൾ നയിക്കുന്നത്. ആദ്യം തിരഞ്ഞെടുക്കുന്ന 75 പേർക്കാണ് അവസരം ലഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9496672236 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക. വിളിക്കേണ്ട സമയം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ.

6. റബ്ബർതോട്ടങ്ങളിൽ വേനൽകാലത്ത് നടപ്പാക്കേണ്ട സംരക്ഷണ നടപടികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (ഫെബ്രുവരി 28) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.